ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 14-12-2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ശുദ്ധഊർജ ഉൽപാദനത്തിൽ നേരത്തെ തന്നെ ലക്ഷ്യം കൈവരിക്കാൻ ഇന്ത്യക്ക് കഴിഞ്ഞതായി രാഷ്ട്രപതി ദ്രൗപദി മുർമു. ദേശീയ ഊർജ്ജ സംരക്ഷണ അവാർഡ് ജേതാക്കൾക്ക് രാഷ്ട്രപതി പുരസ്കാരങ്ങൾ സമ്മാനിച്ചു.

**India has already achieved its target in clean energy production, Says President Draupadi Murmu. The President presented the awards to the winners of the National Energy Conservation Award.**

2. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ജോർദാൻ, ഒമാൻ എത്യോപ്യ പര്യടനത്തിന് നാളെ തുടക്കമാകും.

**Prime Minister Narendra Modi's tour of Jordan, Oman and Ethiopia will begin tomorrow.**

3. കേരളത്തിൽ തദ്ദേശസ്ഥാപനങ്ങളിലെ അധ്യക്ഷൻമാരെ തിരഞ്ഞെടുക്കുന്നതിനുള്ള മുന്നണികളുടെ ചർച്ചകൾ പുരോഗമിക്കുന്നു. മാതൃകാ പെരുമാറ്റച്ചട്ടം ഈ മാസം 18 വരെ.

**Discussions between the political fronts to elect the chairmen of local bodies in Kerala are progressing. Model code of conduct until the 18th of this month.**

4. ഉത്തരേന്ത്യ അതിശൈത്യത്തിന്റെ പിടിയിൽ. ഡൽഹിയിൽ വായു നിലവാര സൂചിക മോശം വിഭാഗത്തിൽ.

**North India in the grip of extreme cold. Air quality index in Delhi in the**

5. ഒക്ടോബർ 7 ആക്രമണത്തിലെ സൂത്രധാരന്മാരിൽ പ്രമുഖ ഹമാസ് കമാൻഡറെ വധിച്ചതായി ഇസ്രായേൽ.

**Israel has killed a prominent Hamas commander, one of the masterminds of the October 7 attack.**

&&&&&&&&&&&&&&&&&

**HEADLINE-1**

**ENERGY CONSERVATION DAY – PRESIDENT–INTRO**

*ശുദ്ധ ഊർജം സംബന്ധിച്ച ആഗോള ലക്ഷ്യങ്ങൾ നിശ്ചയിച്ചിരുന്നതിലും നേരത്തെ ഇന്ത്യ കൈവരിച്ചതായി രാഷ്ട്രപതി ദ്രൗപദി മുർമു. ദേശീയ ഊർജ്ജ സംരക്ഷണ ദിനത്തിന്റെ ഭാഗമായി ന്യൂഡൽഹി വിജ്ഞാൻ ഭവനിൽ നടന്ന പരിപാടിയിൽ മുഖ്യാതിഥിയായി പങ്കെടുക്കുകയായിരുന്നു രാഷ്ട്രപതി. വൈദ്യുതി സംരക്ഷണം ഊർജ കാര്യക്ഷമത വർധിപ്പിക്കുന്നതിനോടൊപ്പം, കാർബൺ ബഹിർഗമനം കുറക്കാനും കാരണമാകുന്നു. ഊർജ പരിവർത്തനത്തിന് നൽകുന്ന മുൻഗണന, പരിസ്ഥിതിക്കും വരും തലമുറകൾക്കും നൽകുന്ന കരുതൽ കൂടിയാണെന്ന് രാഷ്ട്രപതി പറഞ്ഞു.*

*(ഹോൾഡ് വോയ്സ്.........)*

*ദേശീയ ഊർജ്ജ സംരക്ഷണ അവാർഡ് ജേതാക്കൾക്ക് രാഷ്ട്രപതി പുരസ്കാരങ്ങൾ സമ്മാനിച്ചു. കേന്ദ്ര മന്ത്രി മനോഹർ ലാൽ ഉൾപ്പടെയുള്ളവർ സന്നിഹിതരായിരുന്നു. ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം വളർത്തുന്നതിനും ഊർജ്ജ കാര്യക്ഷമതയിൽ രാജ്യത്തിന്റെ നേട്ടങ്ങൾ ഉയർത്തിക്കാട്ടുന്നതിനുമായാണ് എല്ലാ വർഷവും ഡിസംബർ 14 ന് ദേശീയ ഊർജ്ജ സംരക്ഷണ ദിനം ആചരിക്കുന്നത്.*

&&&&&&&&&&&&&&&&&

**HEADLINE-2**

**PM – THREE NATION VISIT**

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ത്രിരാഷ്ട്ര പര്യടനത്തിന് നാളെ തുടക്കമാകും. അബ്ദുല്ല രണ്ടാമൻ ബിൻ അൽ ഹുസൈൻ രാജാവിന്റെ ക്ഷണപ്രകാരം ജോർദാനിലെ ഹാഷെമൈറ്റിൽ പ്രധാനമന്ത്രി സന്ദർശനം നടത്തും. ജോർദാനുമായി നയതന്ത്ര ബന്ധം സ്ഥാപിച്ചതിന്റെ 75-ാംവാർഷികത്തോടനുബന്ധിച്ചാണ് സന്ദർശനം. വിദേശ പര്യടനത്തിന്റെ രണ്ടാം ഘട്ടത്തിൽ ഈ മാസം 16 ന് ശ്രീ മോദി എത്യോപ്യയിലെത്തും. തുടർന്ന് ഒമാനിലും പ്രധാനമന്ത്രി സന്ദർശനം നടത്തും.

&&&&&&&&&&&&&&&&&&

**PM-JORDAN-AMBASSADOR (INTRO)**

***ഇന്ത്യ - ജോർദാൻ നയതന്ത്ര ബന്ധത്തിന്റെ 75 -ാം വാർഷികം ആഘോഷിക്കുന്ന വേളയിലാണ് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ജോർദാൻ സന്ദർശനം. ഇരുരാജ്യങ്ങളും തമ്മിലുള്ള. വാണിജ്യം, ഭക്ഷ്യസുരക്ഷ, പൊതുജനസമ്പർക്കം എന്നീ രംഗങ്ങളിൽ പ്രധാനമന്ത്രിയുടെ സന്ദർശനം നാഴികക്കല്ലാകുമെന്ന് ജോർദാനിലെ ഇന്ത്യൻ അംബാസഡർ മനീഷ് ചൗഹാൻ അഭിപ്രായപ്പെട്ടു.***

*(ഹോൾഡ് വോയ്സ്.......)*

&&&&&&&&&&&&&&&&&&

**CYBER FRAUD-CBI**

രാജ്യത്ത് വൻസൈബർ തട്ടിപ്പിന് നേതൃത്വം നൽകിയ സംഘത്തിലെ നാല് വിദേശ പൗരന്മാർ ഉൾപ്പെടെ 17 പ്രതികൾക്കെതിരെ സി.ബി.ഐ കുറ്റപത്രം നൽകി. 58 കമ്പനികൾക്കെതിരെയും കുറ്റപത്രം സമർപ്പിച്ചു. വിവിധ സംസ്ഥാനങ്ങളിലായി ആയിരക്കണക്കിന് പേരാണ് ഇവരുടെ തട്ടിപ്പിന് ഇരയായത്. തെറ്റിദ്ധരിപ്പിക്കുന്ന വായ്പാ അപേക്ഷകൾ, വ്യാജ നിക്ഷേപ പദ്ധതികൾ, വ്യാജ പാർട്ട് ടൈം ജോലി ഓഫറുകൾ എന്നിവ നൽകിയാണ് ഈ സംഘം തട്ടിപ്പ് നടത്തിയിരുന്നത്. ഇത് സംബന്ധിച്ച നിരവധി പരാതികൾ ഉയർന്നതിനെ തുടർന്നാണ് സി.ബി.ഐ കേസന്വേഷണം നടത്തി പ്രതികളെ അറസ്റ്റ് ചെയ്യുന്നത്.

&&&&&&&&&&&&&&&&&&

**HEADLINE-3**

## LSG ELECTION

സംസ്ഥാനത്ത് തദ്ദേശസ്ഥാപനങ്ങളിലെ അധ്യക്ഷൻമാരെ തെരഞ്ഞെടുക്കുന്നതിനുള്ള മുന്നണികളുടെ ചർച്ചകൾ പുരോഗമിക്കുന്നു. പുതിയ ഭരണസമിതി രൂപീകരണത്തിനുള്ള നടപടികൾ ഈ മാസം 21 ന് ആരംഭിക്കും. തെരഞ്ഞടുക്കപ്പെട്ട പ്രതിനിധികൾ 21 ന് സത്യപ്രതിജ്ഞ ചെയ്യണമെന്നാണ് ചട്ടം. തെരഞ്ഞെടുപ്പിലെ വിജയംപരാജയം സംബന്ധിച്ച വിശകലനം തുടങ്ങിയിട്ടുണ്ട്. അതേസമയം, തദ്ദേശ തിരഞ്ഞെടുപ്പിൽ സ്ഥാനാർഥികളും രാഷ്ട്രീയപാർട്ടികളും പൊതുസ്ഥലങ്ങളിൽ സ്ഥാപിച്ച പ്രചാരണ സാമഗ്രികൾ ഉടൻ നീക്കം ചെയ്യണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ അറിയിച്ചു. മാകൃകാ പെരുമാറ്റചട്ടം ഈ മാസം 18 വരെ തുടരും.

&&&&&&&&&&&&&&&&&

## TELANGANA-PANCHAYAT POLLING

തെലങ്കാനയിൽ ഗ്രാമപഞ്ചായത്തുകളിലേക്കുള്ള രണ്ടാം ഘട്ട വോട്ടെടുപ്പ് പുരോഗമിക്കുന്നു. 31 ജില്ലകളിലായി 3,911 സർപഞ്ച് സ്ഥാനങ്ങളിലേക്കും 29,913 വാർഡ് അംഗങ്ങളിലേക്കുമുള്ള തിരഞ്ഞെടുപ്പാണ് നടക്കുന്നത്. 57 ലക്ഷത്തിലധികം പേർ ഈ ഘട്ടത്തിൽ ജനവിധിയെഴുതും. മൂന്നാം ഘട്ട വോട്ടെടുപ്പ് ഈ മാസം 17 ന് നടക്കും.

&&&&&&&&&&&&&&&&&

## REV.PUNJAB- ZILA ELECTIONS

പഞ്ചാബിൽ ജില്ലാ പരിഷത് സമിതിയിലേക്കുള്ള തിരഞ്ഞെടുപ്പും പുരോഗമിക്കുന്നു. 9,000 സ്ഥാനാർത്ഥികളാണ് ജനവിധി തേടുന്നത്. രാവിലെ എട്ടിന് ആരംഭിച്ച വോട്ടെടുപ്പ് വൈകുന്നരം നാലിന് അവസാനിക്കും. ഈ മാസം 17നാണ് വോട്ടെണ്ണൽ.

&&&&&&&&&&&&&&&&&

## SAIL- DATA

പ്രതിമാസ വിൽപ്പനയിൽ 27 ശതമാനം വളർച്ച കൈവരിച്ച് സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ. നവംബർ മാസത്തെ ഉരുക്കിന്റെ ചില്ലറ വിൽപ്പനയിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 69 ശതമാനം വളർച്ച

കൈവരിക്കാൻ കഴിഞ്ഞു. വിവിധ ഉൽപ്പന്ന വിഭാഗങ്ങളിലും, വിതരണ ശൃംഘലകളിലും ഗണ്യമായ വളർച്ച സാധ്യമായതായും കേന്ദ്ര സ്റ്റീൽ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു.

&&&&&&&&&&&&&&&&&&

**KOLKATA–SLYBK**

കൊൽക്കത്തയിലെ സാൾട്ട്ലേക്ക് സ്റ്റേഡിയത്തിൽ ഇന്നലെ നടന്ന അനിഷ്ട സംഭവങ്ങളുമായി ബന്ധപ്പെട്ട് പോലീസ് സ്വമേധയാ കേസെടുത്തു. പരിപാടിയുടെ സംഘാടകനായ ശതാദ്രു ദത്തയെ അറസ്റ്റ് ചെയ്തു. വിരമിച്ച ന്യായാധിപൻ അഷിം കുമാർ റേയുടെ നേതൃത്വത്തിൽ അന്വേഷണ സമിതിയെയും പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമത ബാനർജി നിയോഗിച്ചു. ഇന്നലെ ഫുട്ബോൾ ഇതിഹാസം ലയണൽ മെസ്സി പങ്കെടുത്ത പരിപാടിക്കിടെ, ചില കാണികൾ ഗ്രൗണ്ടിൽ അതിക്രമിച്ചു കയറി നാശനഷ്ടം വരുത്തുകയായിരുന്നു.

&&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

(ബ്രേക്ക്)

&&&&&&&&&&&&&&&&&&

**AMIT SHAH. (INTRO)**

*നക്സലിസം ആർക്കും ഗുണം ചെയ്യില്ലെന്നും മറിച്ച് സമാധാനത്തിന്റെ മാർഗമാണ് വികസനത്തിന് വഴിയൊരുക്കുന്നതെന്നും കേന്ദ്ര മന്ത്രി അമിത് ഷാ. ഛത്തീസ്ഗഡിലെ ജഗ്ദൽപൂരിൽ നടന്ന ബസ്തർ ഒളിമ്പിക്സിന്റെ സമാപന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 2026 മാർച്ച് 31-നകം രാജ്യത്ത് നിന്ന് നക്സലിസം പൂർണമായും തുടച്ചുനീക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം പറഞ്ഞു.*

*(ഹോൾഡ് വോയ്സ്.........)*

&&&&&&&&&&&&&&&&&&

## HEADLINE-4

## IMD-WEATHER

ഉത്തരേന്ത്യയിലും കിഴക്കേന്ത്യയിലും ശൈത്യം വ്യാപിക്കുന്നു. ഹരിയാന, ചണ്ഡീഗഢ്, ഡൽഹി, പഞ്ചാബ്, ഉത്തർപ്രദേശ് , അസം, നാഗാലാൻറ്, ത്രിപുര, മേഘാലയ,മണിപ്പൂർ, മിസോറം, എന്നിവിടങ്ങളിൽ ശക്തമായ മൂടൽമഞ്ഞിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കർണാടകയിൽ ഉൾമേഖല, തെലങ്കാന എന്നിവിടങ്ങളിലെ ഒറ്റപ്പെട്ട ഇടങ്ങളിലും ശൈത്യ തരംഗത്തിന് സാധ്യതയുണ്ട്. കശ്മീരിന്റെ വടക്കൻ മേഖലകളിലും ലഡാക്കിലും ശൈത്യം അനുദിനം വർധിക്കുകയാണ്. അതേസമയം ഡൽഹി ദേശീയ തലസ്ഥാന മേഖലയിൽ വായുഗുണനിലവാരം മോശം വിഭാഗത്തിൽ തുടരുകയാണ്.

&&&&&&&&&&&&&&&&&&

## TWENTY-20

ഇന്ത്യ - ദക്ഷിണാഫ്രിക്ക ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം ഇന്ന് ഹിമാചൽപ്രദേശിലെ ധരംശാലയിൽ നടക്കും. ഹിമാചൽ പ്രദേശ് ക്രിക്കറ്റ് അസോസിയേഷൻ സ്റ്റേഡിയത്തിൽ വൈകുന്നേരം 7 മണിക്കാണ് മത്സരം. അഞ്ച് മത്സരങ്ങളുള്ള പരമ്പരയിൽ ഇരു ടീമുകളും ഓരോ ജയം വീതം നേടിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## HEADLINE-5

## HAMAS_IDF

ഒക്ടോബർ 7 ന് ഇസ്രായേലിനെതിരായ ആക്രമണം ആസൂത്രണം ചെയ്യുന്നതിൽ പ്രധാന പങ്കുവഹിച്ച മുതിർന്ന ഹമാസ് കമാൻഡറെ വധിച്ചതായി ഇസ്രായേൽ പ്രതിരോധ സേന അറിയിച്ചു. ഹമാസിന്റെ സൈനിക വിഭാഗത്തിന്റെ ആയുധ ഉൽപാദന ആസ്ഥാനത്തിന്റെ തലവനായ റായ്ദ് സാദിനെയാണ് വധിച്ചത്. ഇതിന്റെ വീഡിയോയും ഇസ്രായേൽ സൈന്യം പുറത്തുവിട്ടു.

&&&&&&&&&&&&&&&&&&

**SIR KERALA**

കേരളത്തിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി ഡിജിറ്റൈസ് ചെയ്ത എന്യൂമറേഷൻ ഫോമുകളുടെ എണ്ണം രണ്ട് കോടി 77 ലക്ഷത്തി 30,000 കവിഞ്ഞതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ U കേൽക്കർ. വിതരണം ചെയ്ത ഫോമുകളുടെ 99.57 ശതമാനമാണിത്. ഫോമുകൾ മടക്കി നൽകാത്തവർ എത്രയും വേഗം പൂരിപ്പിച്ച് ബിഎൽഒ മാരെ ഏല്പിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&&&

**ICG MEDEVAC**

ഗുരുതരവസ്ഥയിലുള്ള രോഗിയെ ലക്ഷദ്വീപിൽ നിന്ന് ദ്രുതഗതിയിൽ കൊച്ചിയിലെത്തിച്ച് തീരസേന. ശ്വാസതടസം മൂലം അതിഗുരുതരാവസ്ഥയിലായ 75 വയസുള്ള രോഗിയെയാണ് തീരസേന വിമാനത്തിൽ ഇന്ന് പുലർച്ചെ അടിയന്തരമായി കൊച്ചിയിലെ ആശുപത്രിയിലെത്തിച്ചത്. ഈ വർഷം തീരസേന നടത്തിയ ഏഴാമത്തെ വിജയകരമായ ദൗത്യമാണിത്.

&&&&&&&&&&&&&&&&&&

**IFFK- STORY**

തിരുവനന്തപുരത്ത് നടക്കുന്ന കേരള രാജ്യാന്തര ചലച്ചിത്ര മേള മൂന്നാം ദിനത്തിലേക്ക് കടന്നു. ഞായറാഴ്ചയായതിനാൽ വർധിച്ച തിരക്കാണ് മേള നഗരിയിൽ അനുഭവപ്പെടുന്നത്. 11 തിയേറ്ററുകളിലായി 71 ചിത്രങ്ങളാണ് ഇന്ന് മേളയിൽ പ്രദർശിപ്പിക്കുന്നത്. പലസ്തീൻ പാക്കേജ് ഉൾപ്പെടെ വിവിധ വിഭാഗങ്ങളിലെ നിരവധി ചിത്രങ്ങളുടെ ആദ്യ പ്രദർശനവും ഇന്ന് നടക്കുന്നുണ്ട്. ചലച്ചിത്ര വികസന കോർപ്പറേഷൻ സംഘടിപ്പിക്കുന്ന ഫിലിം മാർക്കറ്റിനും ഇന്ന് മേളയിൽ തുടക്കമായി.

&&&&&&&&&&&&&&&&&&

**J K: Army vigil**

ജമ്മു കശ്മീരിൽ, നുഴഞ്ഞുകയറ്റം തടയുന്നതിനും നിയന്ത്രണ രേഖയിലെ പ്രശ്നബാധിത പ്രദേശങ്ങളിൽ സുരക്ഷ ശക്തമാക്കുന്നതിനും ഇന്ത്യൻ സേന പട്രോളിംഗ് ഊർജിതമാക്കി. ഉയർന്ന ഇടങ്ങൾ, വന മേഖല, പർവതനിരകൾ

എന്നിവിടങ്ങളിൽ സൈന്യം സാന്നിധ്യം ശക്തിപ്പെടുത്തിയതായി ആകാശവാണി ജമ്മു ലേഖകൻ റിപ്പോർട്ട് ചെയ്യുന്നു.

&&&&&&&&&&&&&&&&&&

**MP – CHEETAH**

മധ്യപ്രദേശിലെ വീരാംഗന ദുർഗ്ഗാവതി കടുവ സംരക്ഷണ കേന്ദ്രം ചീറ്റകളുടെ പുതിയ ആവാസ കേന്ദ്രമായി മാറുമെന്ന് മുഖ്യമന്ത്രി മോഹൻ യാദവ് അറിയിച്ചു. അടുത്ത വർഷം മൺസൂൺ കാലത്തിന് മുൻപ് ഇത് നടപ്പിലാക്കും. കുനോ, ഗാന്ധി സാഗർ എന്നിവിടങ്ങളിലേക്ക് ചീറ്റകളെ വിജയകരമായി മാറ്റിപ്പാർപ്പിച്ചതിനെത്തുടർന്നാണ് ഇവിടേക്കും ചീറ്റകളെ എത്തിക്കുന്നത്. അടുത്ത മാസം ബോട്സ്വാനയിൽ നിന്ന് എട്ട് ചീറ്റകളെ കുനോയിലേക്ക് കൊണ്ടുവരാനാകുമെന്ന് പ്രതീക്ഷിക്കുന്നതായും ശ്രീ മോഹൻ യാദവ് പറഞ്ഞു.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&